LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഏറ്റെടുത്ത് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ആകെ 363 കി.മീ. ദൈർഘ്യം വരുന്ന 6 റോഡുകളുടെ നിലവിലുള്ള അവസ്ഥയെ (വികസിപ്പിക്കുന്നതിന് മുമ്പുള്ള) പറ്റി ജനങ്ങളുടെ അഭിപ്രായം സമാഹരിക്കുന്നതിന് വേണ്ടി M/s ഷെർവുഡ് ടെക്നോക്രാറ്റ്സ് & കൺസൾട്ടന്റിനെ നിയമിച്ച് റോഡ് യൂസർ പെർസപ്ഷൻ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. എല്ലാ വിഭാഗത്തിലുമുള്ള റോഡ് ഉപയോക്താക്കളെ വിവിധ സംഘങ്ങളായി തിരിച്ച് പ്രത്യേകം ചോദ്യാവലി തയ്യാറാക്കിയാണ് അഭിപ്രായ ശേഖരണം നടത്തിയത്. പ്രസ്തുത ചോദ്യാലിയിൽ റോഡ് ഉപയോക്താക്കളുടെ സാമൂഹികവും സാമ്പത്തികവും പ്രാദേശികവുമായിട്ടുള്ള ഘടകങ്ങളും നിലവിലുള്ള പ്രോജക്ട് റോഡുകളെപ്പറ്റിയുള്ള അഭിപ്രായങ്ങളും റോഡിന്റെ ഘടന, നിർമ്മാണം, സുരക്ഷിതത്വം എന്നിവയും ഉപയോക്താക്കളുടെ റോഡ് ഉപയോഗ രീതികളും ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. റോഡുപണി പൂർത്തീകരിച്ചശേഷം നടത്തുന്ന റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ സർവ്വേയുടെ കണ്ടെത്തലുകളുമായി താരതമ്യം ചെയ്യുന്നതിനുവേണ്ടിയും ഭാവിയിൽ മറ്റു പൊതുമരാമത്ത് റോഡുകളിലേക്കും കൂടി റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ ഇൻഡക്സ് വികസിപ്പിച്ചെടുക്കുന്നതിനുമാണ് ഈ സർവ്വേ ലക്ഷ്യമിടുന്നത്.

(ഡി) Baseline Road User Perspective Survey നടത്തുന്നതിലേക്കായി 27-8-2013-ൽ M/s Sherwood Technocrats & Consultants Pvt. Ltd എന്ന കൺസൾട്ടന്റിനെ നിയോഗിച്ചു. അന്തിമ റിപ്പോർട്ട് 2014 ജൂലായ് മാസത്തിൽ സമർപ്പിച്ചിട്ടുണ്ട്.

ടാർ വാങ്ങിയ വകയിൽ കമ്പനികൾക്ക് നൽകേണ്ട തുക

324 (1381) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുപണികൾക്ക് ഏതെല്ലാം കമ്പനികളിൽ നിന്നാണ് ടാർ വാങ്ങുന്നത്;

(ബി) ടാർ വാങ്ങിയ വകയിൽ കമ്പനികൾക്ക് കുടിശ്ശിക നൽകാനുണ്ടോ; എങ്കിൽ എന്ത് തുക കുടിശ്ശികയുണ്ട്;

(സി) ടാർ നൽകുന്ന കമ്പനികൾക്ക് കുടിശ്ശിക നൽകാനുള്ളത് ടാറിന്റെ ലഭ്യതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; ഇതുമൂലം റോഡ് പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായിട്ടുണ്ടോ?

ഉത്തരം

(എ) ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ.), മാംഗളൂർ റിഫൈനറി ആന്റ് പെട്രോകെമിക്കൽസ് ലിമിറ്റഡ് (എം.ആർ.പി.എൽ.), ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ.ഒ.സി.), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (എച്ച്.പി.സി.എൽ.) എന്നീ കമ്പനികളാണ് പൊതുമരാമത്ത് വകുപ്പിന് ടാർ നൽകുന്നത്.

(ബി) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ടാർ വാങ്ങിയ ഇനത്തിൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് 31-10-2014 വരെ 39.14 കോടി രൂപ നൽകാനുണ്ട്.

(സി) ഇല്ല.

റോഡ് നിർമ്മാണത്തിന് നൂതന സാങ്കേതിക വിദ്യകൾ

325 (1382) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡു നിർമ്മാണത്തിന് എന്തെല്ലാം നൂതന സാങ്കേതിക വിദ്യകൾ നിലവിലുണ്ടെന്നു വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡു നിർമ്മാണം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എത്ര കിലോമീറ്റർ റോഡാണ് ഈ രീതിയിൽ നിർമ്മിച്ചിട്ടുള്ളതെന്നും, അവയ്ക്ക് എത്ര തുക ചെലവായെന്നും അറിയിക്കുമോ;

(സി) ഇത്തരത്തിൽ നിർമ്മിക്കുന്ന റോഡുകളുടെ ഏറ്റവും കുറഞ്ഞ കാലാവധി എത്രയാണെന്നു വിശദമാക്കുമോ;

(ഡി) ഈ സാങ്കേതിക വിദ്യ ഉപേയാഗിച്ചുള്ള റോഡു നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) റോഡ് നിർമ്മാണത്തിനായി അത്യാധുനിക സാങ്കേതിക വിദ്യകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ബിറ്റുമെൻ മിക്സിംഗ് പ്ലാന്റുകൾ സെൻസർ പേവറുകൾ എന്നിവ ഉപയോഗിച്ചിട്ടുള്ള ടാറിംഗ് നടത്തുന്നതിനുള്ള സംവിധാനങ്ങളുണ്ട്. ഇത്തരത്തിലുള്ള ടാറിംഗ് പ്രവൃത്തികൾ കൂടാതെ നൂതനമായ പേവർ മെഷീനുകൾ

LIBRARY ARCHIVES Kerala Legislative Assembly